**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ**
**ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 225/2024**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളിക്കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

കർത്താവിൽ പ്രിയരെ,
വയനാട് ജില്ലയിൽ ഏതാനും ആഴ്ചകൾക്ക് മുമ്പ് ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ വീടും സ്വത്തുക്കളും എല്ലാം നശിച്ച് തെരുവിലേക്കിറങ്ങേണ്ടിവന്നവരെയും, തുടർന്ന് ജീവിക്കുവാൻ ഒന്നും അവശേഷിക്കാത്തവിധം സകലസമ്പത്തും നഷ്ടപ്പെട്ടവരെയും എല്ലാം നമ്മളാൽ സാധിക്കും വിധം സഹായിക്കുന്നതിന് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് വ്യക്തികളും ഇടവകകളും സംഭാവനകൾ സഭാകേന്ദ്രത്തിലേക്ക് അയച്ചുകൊണ്ടാണിരിക്കുന്നത്. ഒരു വീടിന് പത്തുലക്ഷം രൂപ ചിലവുവരുന്ന അമ്പതു ഭവനങ്ങൾ നമ്മുടെ സഭയുടെ വകയായി നിർമ്മിച്ചു നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് നേരത്തേതന്നെ അറിയിച്ചിരുന്നുവല്ലോ. ഇക്കാര്യം കേരള സർക്കാരിനെ നമ്മൾ അറിയിക്കുകയും, വീടുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം സർക്കാർ നൽകാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സഭാംഗങ്ങളിൽ ചിലരും സ്ഥലം വാഗ്ദാനം ചെയ്തിട്ടുണ്ട്.

നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കേണ്ടിയിരിക്കുന്നതിനാൽ നിങ്ങളുടെ സംഭാവനകൾ അതിനായി വേർതിരിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് എത്രയും വേഗം നേരിട്ട് നൽകുകയോ, പള്ളികൾ മുഖേന സമാഹരിച്ച് നൽകുകയോ ചെയ്യേണ്ടതാണ്. പള്ളികളിൽ സമാഹരിച്ചിട്ടുള്ള സംഭാവനകൾ താമസംവിനാ നേരിട്ടോ ഭദ്രാസന കേന്ദ്രം വഴിയോ സഭാകേന്ദ്രത്തിലേക്ക് അയച്ചുതരേണ്ടതാണ്. വിദേശ കറൻസിയിൽ സംഭാവന നൽകാൻ ആഗ്രഹിക്കുന്നവർ അവരവരുടെ പള്ളികൾ വഴി സംഭാവനകൾ സമാഹരിച്ച് അവിടെ നിന്ന് സഭയുടെ FCRA അക്കൗണ്ട് വഴി പണം സഭാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഇതുവരെ ലഭിച്ച സംഭാവനകൾ ഇപ്പോൾതന്നെയും പിന്നീട് ലഭിക്കുന്നവ ലഭിക്കുന്ന മുറയനുസരിച്ചും നൽകാവുന്നതുമാണ്.

പ്രത്യേക ടാർജറ്റ് ഒന്നും ആർക്കും നിശ്ചയിച്ചിട്ടില്ല എങ്കിലും കഴിവിന്റെ പരമാവധി സമാഹരിച്ചു നൽകുവാൻ പള്ളികളും സഭയുടെ സ്ഥാപനങ്ങളും വ്യക്തികളും ശ്രമിക്കുമല്ലോ. ഇടവക വികാരിമാർ ഇക്കാര്യത്തിൽ പ്രത്യേക താത്പര്യം കാണിക്കുമെന്ന് നാം പ്രതീക്ഷിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2024 ഓഗസ്റ്റ് മാസം 26-ാം തീയതി — **ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.